| | |
|---|---|
| നം.കെ.എസ്.എ.പി.റ്റി.എ.പി9.954/2017 29.08.2017 | തീയതി: |

പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 1.10.2016 മുതൽ 9.07.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| *ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* | ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |

| *ഓഡിറ്റിന് വിനിയോഗിച്ച സമയം* | *ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം* |
|---|---|
| 10.07.2017 മുതൽ 18.07.2017 വരെ | ശ്രീ സി അനിൽകുമാർ, ഓഡിറ്റ് ഓഫീസർ(ഹ ഗ്രേ) |
| | ശ്രീമതി വീണ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ജ്യോതിലക്ഷ്മി ആർ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. റോബിൻ പീറ്റർ | 1.4.2016മുതൽ 31.3.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. എം.സി. രാധാകൃഷ്ണൻ നായർ | 1.4.2016 മുതൽ 31.3.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്ററിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ്- 2016-17
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2016-17
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2016 -17
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

സൂചിക


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം-1 | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക -അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകന വിവരങ്ങൾ | 1-6 |
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |
| 8 | തനത് വരുമാനം | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-2 | |

| | | |
|---|---|---|
| 12 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല. | 2-1 |
| 13 | ഷോപ്പിംഗ് കോംപ്ലക്സ് വാടക- അപാകതകൾ | 2-2 |
| 14 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-3 |
| 15 | പരസ്യനികുതി - തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 2-4 |
| | ഭാഗം-3 | |
| 16 | പാലിയേറ്റീവ് കെയറിന് ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല | 3-1 |
| 17 | പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം - അധികമായി നല്കിയ 5000 രൂപ നിരാകരിക്കുന്നു. | 3-2 |
| 18 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) വിനിയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് - സർക്കാർ ഉത്തരവിന് അനുസൃതമായി ഭരണ സമിതി തീരുമാനം കൈക്കൊണ്ടില്ല | 3-3 |
| 19 | ഇ ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്കും വാറ്റ് സർക്കാർ ഫണ്ടിലേക്കും ക്രഡിറ്റ് ചെയ്തില്ല | 3-4 |
| 20 | ഗുണഭോക്തൃസമിതിയുടെ വരവ് ചെലവ് കണക്ക് ഇല്ല | 3-5 |
| 21 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല | 3-6 |
| 22 | അമ്പത്തിനാല് ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല | 3-7 |
| 23 | സമഗ്ര വിദ്യാഭ്യാസം പദ്ധതി-പ്രൊജക്ടർ വാങ്ങിയതിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല | 3-8 |
| 24 | തെങ്ങുക്കാവ് ജി എൽ പി എസ്സിന് ലാപ് ടോപ്പ്, എൽ സി ഡി പ്രോജക്ടർ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-9 |
| 25 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകതകൾ | 3-10 |
| 26 | മഴക്കാലപൂർവ്വ ശുചീകരണം- ചെലവ് രേഖകൾ ഹാജരാക്കിയില്ല | 3-11 |
| 27 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 3-12 |
| 28 | ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ പാളിച്ച | 3-13 |

| | ഭാഗം-4 | |
|---|---|---|
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 30 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2016-17വർഷത്തെ ബഡ്ജറ്റ് ഭരണസമിതിയുടെ 02.03.2016 -ലെ I(a) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ഇനം* | *പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം)* | *യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം)* | *വ്യത്യാസം* | |
|---|---|---|---|---|
| | | | *കൂടുതൽ* | *കുറവ്* |
| മുന്നിരിപ്പ് | 27837516 | 16176146 | - | 11661370 |
| വരവ് | 116515000 | 59097780 | - | 57417220 |
| ആകെ | 144352516 | 75273926 | - | 69078590 |
| ചെലവ് | 120704000 | 55405231 | - | 65298769 |
| നീക്കിയിരിപ്പ് | 23648516 | 19868695 | - | 3779821 |

ബഡ്ജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. യാഥാർത്ഥ്യ ബോധത്തോടെയല്ല ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 15.5.2017 | 08.06.2017 |

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ (സ.ഉ(സാധാ.) 83/11/തസ്വഭവ/ 28.3.2011) വകുപ്പ് 62(5) പ്രകാരം മെയ് 15-ന് മുൻപ് വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭ്യമാക്കണം എന്നുള്ള നിബന്ധന പഞ്ചായത്ത് പാലിച്ചിട്ടില്ല.

## 1-3 വാർഷിക ധനകാര്യപത്രിക -അപാകതകൾ

2016-17 ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ ഓഡിറ്റ് നിർദ്ദേശ പ്രകാരം പരിഹരിച്ച് പുതുക്കിയ ധനകാര്യ പത്രിക ലഭ്യമാക്കിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 16176146 |
| വരവ് | 59097780 |
| ആകെ | 75273926 |
| ചെലവ് | 55405231 |
| നീക്കിയിരിപ്പ് | 19868695 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ തുക | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14912064 | 14912064 | 11780078 | 3131986 | 78.99 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6487083 | 6487083 | 4624029 | 1863054 | 71.28 |
| വികസന ഫണ്ട് (ടി. എസ്.പി) | 0 | 356340 | 356340 | 310607 | 45733 | 87.16 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10035117 | 10035117 | 6284656 | 3750461 | 62.62 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4017129 | 4017129 | 1218317 | 2798812 | 30.32 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 8363081 | 8363081 | 5111048 | 3252033 | 61.11 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4732680 | 4732680 | 0 | 4732680 | 0 |
| എൻ ആർ ഇ ജി എസ് | 0 | 28325002 | 28325002 | 28323493 | 1509 | 99.99 |

## 1-6 പദ്ധതി അവലോകന വിവരങ്ങൾ

(എ) പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ശതമാനം |
| 2016-17 | 291 | 81727290 | 171 | 39911560 | - | 120 | 58.76 |

ബി) പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ പദ്ധതി രൂപീകരണത്തിൽ നിർണ്ണായകമായ പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പേരിന് മാത്രം കൂടുന്ന വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതികൾ സംബന്ധിച്ച് ചർച്ചകൾ ഒന്നും നടക്കുന്നില്ലെന്ന് മിനിട്ട്സ് ബുക്കുകൾ വ്യക്തമാകുന്നു. ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.
2. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം, റോഡുകളെ ചെറിയ ഭാഗങ്ങളാക്കി മുറിച്ച് കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.
3. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല. സാമ്പത്തിക വർഷത്തിന്റെ അന്ത്യംവരെ പദ്ധതി പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് നിർമ്മാണ പ്രവർത്തികൾ വലിച്ചിഴയ്ക്കുകയും, അവസാന നാളുകളിൽ പദ്ധതിപ്പണം തിരക്കിട്ട് ചെലവഴിച്ചു തീർക്കുകയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു.
4. എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
5. അങ്കണവാടികളിൽനിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഗ്രാമസഭാ അംഗങ്ങളിൽനിന്നും പൊതു സമ്മതരായ 5 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
6. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ (പ്രത്യേക ഘടക പദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി, വനിതാ ഘടക പദ്ധതി, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവർക്കുള്ള പ്രത്യേക പദ്ധതി മുതലായവ) അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനും വാർഷിക പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനുമുള്ള ഫലപ്രദമായ നടപടികൾ ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 29 | 11496824 | 18 | 3969262 | 34.52 |
| സേവനം | 107 | 41893043 | 41 | 21806295 | 52.05 |
| പശ്ചാത്തലം | 155 | 28787423 | 112 | 14586003 | 50.67 |
| ആകെ | 291 | 81727290 | 171 | 40361560 | 49.16 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 55 | 35 | 12886098 | 7293365 | 56.6 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 7 | 5528784 | 2273160 | 41.12 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 183 | 84 | 38016709 | 13463420 | 35.41 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ | 14 | 13 | 14267975 | 8916753 | 62.49 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3 | 3 | 611900 | 611234 | 99.89 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 400000 | 400000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 3752000 | 3347074 | 89.21 |
| കൃഷി ഓഫീസർ | 12 | 12 | 2574824 | 1577754 | 61.28 |
| വെറ്ററിനറി സർജൻ | 6 | 6 | 2669000 | 1060000 | 39.72 |
| എച്ച്.എം, ഗവ. എൽപിഎസ് | 3 | 3 | 820000 | 768800 | 93.76 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 100000 | 100000 | 100 |
| ആകെ | 291 | 171 | 81727290 | 39911560 | 48.84 |

## 1-8 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| *ഇനം* | *മുൻവർഷം* | *തൻവർഷം* | *വ്യത്യാസം* | *ശതമാനം (+)/(-)* |
|---|---|---|---|---|
| നികുതി വരവുകൾ | 3184157 | 7299001 | 4114844 | 129.23 |
| നികുതിയേതര വരവുകൾ | 1178419 | 1693652 | 515233 | 43.72 |
| മറ്റ് വരവുകൾ | 445551 | 592419 | 146868 | 32.96 |
| ആകെ | 4808127 | 9585072 | 4776945 | 99.35 |

## 1-9 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ക്രമ നം.* | *പെൻഷൻ ഇനം* | *2016-17ൽ ലഭിച്ച അപേക്ഷകൾ* | *പെൻഷൻ അനുവദിച്ചത്* | *45 ദിവസത്തിനകം തീരുമാനമെടുത്തവ* | *45 ദിവസം മുതൽ 1 വർഷം വരെ വൈകിയവ* |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 29 | 28 | 29 | - |
| 3 | വിധവാ പെൻഷൻ | 118 | 104 | 118 | - |
| 4 | വികലാംഗ പെൻഷൻ | 39 | 31 | 39 | - |
| 5 | വാർദ്ധക്യകാല പെൻഷൻ | 1078 | 868 | 1078 | - |
| 6 | അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 3 | 3 | 3 | - |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.2017 -ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 11953/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.06.2017മുതൽ 24.06.17 വരെ | 2017 ഫെബ്രുവരി - മാർച്ച് | ഓഡിറ്റ് റിപ്പോർട്ട് നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.06.2008 മുതൽ 02.07.2008 വരെ | 2007-2008 | 22.08.2008 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 10 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചിരുന്നുവെങ്കിലും നാളിതുവരെയും ഈടാക്കിയിട്ടില്ല. ടവറുകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ടവറിന്റെ വിവരം | വാർഡ്/നമ്പർ | കെട്ടിട നമ്പർ | വാർഷിക വസ്തു നികുതി കടിശ്ശിക | വസ്തു നികുതി ഈടാക്കേണ്ട കാലയളവ് |
|---|---|---|---|---|
| ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 5 | 318 B | 24746 | 2014-15 മുതൽ 2016-17വരെ |
| ഭാരതി ഇൻഫ്രോടെൽ ലിമിറ്റഡ് | 1 | 105 | 38084 | 2008-09 മുതൽ 2016-17വരെ |
| ഭാരതി എയർടെൽ ലിമിറ്റഡ് | 15 | 498 | 29104 | 2009-10 മുതൽ 2016-17വരെ |
| സബ് ഡിവിഷണൽ എഞ്ചിനീയർ ബി എസ് എൻഎൽ | 16 | 186 A | 36474 | 2010-11 മുതൽ 2016-17വരെ |

| | | | | |
|---|---|---|---|---|
| ഹച്ചിസൺ എസ്സാർ ലിമിറ്റഡ് | 12 | 148 | 31938 | 2008-09 മുതൽ 2016-17വരെ |
| ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 12 | 147 | 95364 | 2011-12 മുതൽ 2016-17വരെ |
| സബ് ഡിവിഷണൽ എഞ്ചിനീയർ ബി എസ് എൻഎൽ | 17 | 142 | 31362 | 2010-11 മുതൽ 2016-17വരെ |
| വൊഡാഫോൺ എസ് ആർ സെല്ലുലാർ ലിമിറ്റഡ് | 14 | 592 | 36380 | 2010-11 മുതൽ 2016-17വരെ |
| സബ് ഡിവിഷണൽ എഞ്ചിനീയർ ടെലഗ്രാഫ്സ് | 16 | 190 | 35784 | 2010-11 മുതൽ 2016-17വരെ |
| റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 2 | 442 A | 32052 | 2010-11 മുതൽ 2016-17വരെ |

മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 ഷോപ്പിംഗ് കോംപ്ലക്സ് വാടക- അപാകതകൾ

പ്രമാടം ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക ഈടാക്കിയത് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. എഗ്രിമെന്റ് സമയബന്ധിതമായി പുതുക്കുന്നില്ല.

1. 1. പ്രമാടം ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് എടുത്തവർ വാടകക്കരാർ സമയബന്ധിതമായി പുതുക്കുന്നില്ല. 2016-17ൽ കരാർ പുതുക്കിയിട്ടില്ല. കടമുറികൾ വാടകയ്ക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാടകക്കരാറിന്റെ കാലയളവ് | കരാർ വെച്ച ആളിന്റെ പേരും വിലാസവും | കരാർ പുതുക്കിയ തീയതി | കടമുറിയുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | 04/16 മുതൽ 03/17 വരെ | രവീന്ദ്രൻ, താന്നിനിൽക്കുന്നതിൽ, വകയാർ | 03.05.2017 | നം.2, വകയാർ ഷോപ്പിംഗ് കോംപ്ലക്സ് |
| 2 | 04/16 മുതൽ 03/17 വരെ | കെ.കെ.ബാലൻ, കമ്പകത്തുംകര വകയാർ | 30.05.2017 | നം.3, വകയാർ ഷോപ്പിംഗ് കോംപ്ലക്സ് |
| 3 | 04/16 മുതൽ 03/17 വരെ | പ്രസിഡന്റ്, സ്വാശ്രയ കർഷകസമിതി, വകയാർ | 31.03.2017 | നം.4, വകയാർ ഷോപ്പിംഗ് കോംപ്ലക്സ് |
| 4 | 04/16 മുതൽ 03/17 വരെ | പ്രസിഡന്റ്, സ്വാശ്രയ കർഷകസമിതി, വകയാർ | 26.05.2017 | നം.5, വകയാർ ഷോപ്പിംഗ് കോംപ്ലക്സ് |

| | | | | |
|---|---|---|---|---|
| 5 | 04/16 മുതൽ 03/17 വരെ | സുനിൽ കുമാർ, ഈട്ടിവിളയിൽ, വകയാർ | 14.03.2017 | നം.6, വകയാർ ഷോപ്പിംഗ് കോംപ്ലക്സ് |
| 6 | 04/16 മുതൽ 03/17 വരെ | രാജേന്ദ്രൻ.പി.റ്റി, പുത്തൻവീട്ടിൽ, വകയാർ | 30.05.2017 | നം.8, വകയാർ ഷോപ്പിംഗ് കോംപ്ലക്സ് |
| 7 | 04/16 മുതൽ 03/17 വരെ | ശ്രീധരൻ നായർ, ശ്രീജാ ഭവനം, വി.കോട്ടയം | 30.05.2017 | നം.2, വി.കോട്ടയം ഷോപ്പിംഗ് കോംപ്ലക്സ് |
| 8 | 04/16 മുതൽ 03/17 വരെ | ശ്രീധരൻ നായർ, ശ്രീജാ ഭവനം, വി.കോട്ടയം | 30.05.2017 | നം.3, വി.കോട്ടയം ഷോപ്പിംഗ് കോംപ്ലക്സ് |
| 9 | 04/16 മുതൽ 03/17 വരെ | കെ.പി.രാജൻ, പാലുമുരുപ്പേൽ വി.കോട്ടയം | 21.03.2017 | നം.5, വി.കോട്ടയം ഷോപ്പിംഗ് കോംപ്ലക്സ് |
| 10 | 04/16 മുതൽ 03/17 വരെ | അശോകൻ, പുത്തൻപുരയ്ക്കൽ, വി കോട്ടയം | 21.04.2017 | നം.6, വി.കോട്ടയം ഷോപ്പിംഗ് കോംപ്ലക്സ് |
| 11 | 04/16 മുതൽ 03/17 വരെ | അനിൽകുമാർ.റ്റി, പൂങ്കാവിൽ മേലേതിൽ, മല്ലശ്ശേരി | 25.04.2017 | നം.7, വി.കോട്ടയം ഷോപ്പിംഗ് കോംപ്ലക്സ് |
| 12 | 04/16 മുതൽ 03/17 വരെ | അനിൽകുമാർ.റ്റി, പൂങ്കാവിൽ മേലേതിൽ, മല്ലശ്ശേരി | 25.04.2017 | നം.8, വി.കോട്ടയം ഷോപ്പിംഗ് കോംപ്ലക്സ് |

വാടകക്കരാർ സമയബന്ധിതമായി പുതുക്കാതെ വാടകയ്ക്ക് നല്കുന്നത് മൂലം വാടക നൽകുന്നതിൽ വീഴ്ച വരുത്തുന്ന വ്യക്തികളിൽ നിന്നും തുക ഈടാക്കാൻ നിയമ നടപടികൾ സ്വീകരിക്കാൻ സാധിക്കില്ല. ആയത് ഉദ്യോഗസ്ഥർ ഗൗരവമായി കാണേണ്ടതും ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

(2) വാടകക്കുടിശ്ശിക ഈടാക്കിയിട്ടില്ല

എ) 2013-14 സാമ്പത്തികവർഷം വി.കോട്ടയം ഷോപ്പിംഗ് സെന്ററിന്റെ രണ്ടാം നമ്പർ മുറി ശ്രീമതി.കുഞ്ഞിക്കുട്ടി, പാറയിൽ പുത്തൻവീട്, വി.കോട്ടയം എന്നയാൾക്ക് വാടകയ്ക്ക് അനുവദിച്ച് നൽകിയിരുന്നു. എന്നാൽ 4/13 മുതൽ വാടകതുക കുടിശ്ശിക വരുത്തിയതിനാൽ അതുവരെയുള്ള കുടിശ്ശികതുക പലിശ സഹിതം ഈടാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 17.10.2013 ൽ നോട്ടീസ് നൽകിയിരുന്നു. തുടർന്നും 07.01.14, 13.06.14, 02.07.14 എന്നീ തീയതികളിൽ നോട്ടീസ് നല്കിയിട്ടും അതുവരെയുള്ള പലിശയുൾപ്പെടെയുള്ള തുക 6161 രൂപ അടവാക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി 14.08.14 ൽ പത്തനംതിട്ട ജില്ലാ കളക്ടർക്ക് റിക്വിസിഷൻ നൽകിയിട്ടുണ്ട്. 2014 ആഗസ്റ്റിന് ശേഷം നടപടികൾ സ്വീകരിച്ചതായോ തുക ഈടാക്കിയതായോ കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം-18 ന് ആർ. ആർ. തഹസീൽദാരിൽ നിന്നും വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ബി)2016-17 സാമ്പത്തിക വർഷം പൂങ്കാവ് ഷോപ്പിംഗ് കോംപ്ലക്സിന്റെ മൂന്നാം നമ്പർ മുറി ശ്രീമതി ലിസ്സി ജോഷ്വാ, മരുതിമൂട്ടിൽ എന്നയാൾക്ക് പ്രതിമാസം 9348/-രൂപയ്ക്ക് വാടകയ്ക്ക് അനുവദിച്ച് നൽകിയിരുന്നു. എന്നാൽ 2016 സെപ്റ്റംബർ മുതൽക്കുള്ള വാടകതുക

65436/-രൂപ(9348*7) പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല. പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## 2-3 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 19 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ടി റേഷൻ കടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് 2015-16 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

## 2-4 പരസ്യനികുതി - തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന് വരുമാനവർദ്ധനവിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പനുസരിച്ച്, പരസ്യനികുതി ഏർപ്പെടുത്താവുന്നതും ഇതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്ക മുതൽ കൂട്ടുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നെങ്കിലും ഗ്രാമപഞ്ചായത്ത് യാതൊരു വിധ നടപടികളും സ്വീകരിച്ചിട്ടില്ല. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലോ ഉപയോഗിച്ചുള്ള പരസ്യ നികുതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പാലിയേറ്റീവ് കെയറിന് ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണം-മെഡിക്കൽ ഓഫീസർ, പി എച്ച് സി

ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിനകാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള രോഗികൾക്ക് ഏറ്റവും മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്ത് നടപ്പിലാക്കിയ പ്രോജക്ടാണ് പാലിയേറ്റീവ് കെയർ പദ്ധതി. പാലിയേറ്റീവ് കെയർ പ്രോഗ്രാമിനായി 2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വികസന ഫണ്ടിൽനിന്നും 425000 രൂപ വകയിരുത്തി പദ്ധതി(നം.S0009/17) ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പാലിയേറ്റീവ് കെയറിന് ഉപകരണങ്ങൾ വാങ്ങുന്നതിനായി അനുവദിച്ച 88000 രൂപയിൽ 10 ബെഡ് പാൻ വാങ്ങിയതിന് 3917രൂപ എസ്.ടി.എസ്.ബി ചെക്കായി (നം.0194327/03.03.17) Kerala Small Industries Development Corporation Ltd നു ബാക്കി തുകയായ 84083 രൂപ 31.01.2017 ൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് (നം.3624001800000019) ഓൺലൈൻ ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 03.06.2017 ലെ നം.815/ 3.06.2017 ഇൻവോയ്സ് പ്രകാരം കാരുണ്യ മെഡിസിൻ ഡിപ്പോയിൽ നിന്നും 11098 രൂപയുടെ ഡയപ്പറുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. 84083 രൂപയിൽ 72985 രൂപയുടെ ഉപകരണങ്ങൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. രോഗികൾക്ക് നൽകുന്നതിനുള്ള ഉപകരണങ്ങൾ സമയബന്ധിതമായി ലഭ്യമാക്കിയില്ലായെങ്കിൽ പ്രയോജനപ്രദമായ രീതിയിൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ വരും. അവശേഷിച്ച തുകയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം- അധികമായി നല്കിയ 5000 രൂപ നിരാകരിക്കുന്നു.

മെഡിക്കൽ ഓഫീസർ,പി എച്ച് സി നിർവ്വഹണോദ്യോഗസ്ഥനായി 2016-17-ൽ തനത് ഫണ്ടിൽ നിന്നും 36900 രൂപ വകയിരുത്തി കുട്ടികളുടെ സമഗ്ര ആരോഗ്യ പരിപാടി എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് (പ്രോ.നം. 10/17). ഈ പദ്ധതിയുടെ ഭാഗമായി പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിനായി 15000 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്തുകളുടെ തനത് ഫണ്ടിൽനിന്ന് ഈ ആവശ്യത്തിന് പരമാവധി 10000 രൂപവരെ ചെലവഴിക്കുന്നതിനാണ് 05.01.2016-ലെ സർക്കാർ ഉത്തരവ് നം.32/2016/ത.സ്വ.ഭ.വ. പ്രകാരം യഥേഷ്ടാനുമതി നൽകിയിരുന്നത്. ഈ സാഹചര്യത്തിൽ പദ്ധതിയ്ക്ക് 5000 രൂപ അധികം ചെലവഴിച്ചത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വൗച്ചർ നമ്പർ | ഡി.ഡി നമ്പരും തീയതിയും | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 21600065 | 0279621/ 25.01.2017 | 7500 |
| 2 | 21600873 | 0194085/ 30.03.2017 | 7500 |
| ആകെ | | | 15000 |

അധികം തുക നൽകിയത് സംബന്ധിച്ച് 14.07.2017ൽ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ ഘടന കണക്കിലെടുത്ത് 35 ബൂത്തുകൾ ക്രമീകരിക്കേണ്ടി വന്നതിനാൽ ഫണ്ട് അപര്യാപ്തമായിരുന്നു എന്നാണ് മെഡിക്കൽ ഓഫീസർ നൽകിയ മറുപടി. എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവ് ചെയ്തതിനാൽ ചെലവ് തുകയായ 5000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-3 മെയിന്റനൻസ് ഗ്രാന്റ്(റോഡ്) വിനിയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് - സർക്കാർ ഉത്തരവിന് അനുസൃതമായി ഭരണ സമിതി തീരുമാനം കൈക്കൊണ്ടില്ല

2016-17 വർഷം സർക്കാർ നിർദ്ദേശങ്ങൾ മറികടന്ന കൊണ്ട് റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് മുൻ വർഷങ്ങളിൽ ചെയ്ത റോഡുകളുടെ മെയിന്റനൻസ് നടത്തുന്നതിന് പകരം മൺ റോഡ് കോൺക്രീറ്റിംഗ് പോലെയുള്ള ആസ്തികളുടെ നിർമ്മാണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കി.

റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തേണ്ടത്. അറ്റകുറ്റപ്പണികളിൽപ്പെടുത്തി ഏറ്റെടുക്കാവുന്ന പണികളെക്കുറിച്ച് വിശദമായ ഉത്തരവുകൾ നിലവിലുണ്ട്. റോഡ് മെയിന്റനൻസിന് വകയിരുത്തിയിട്ടുള്ള വിഹിതം പുതിയ റോഡുകളുടെ നിർമ്മാണത്തിന് വിനിയോഗിക്കാൻ പാടുള്ളതല്ല. കുഴികൾ നികത്തുക (filling up pot-holes), ഉപരിതലം നിരപ്പാക്കുക (re-surfacing), ഓടകൾ നിർമ്മിക്കുക (construction of drains), വശങ്ങളിൽ ഭിത്തികെട്ടി ശക്തിപ്പെടുത്തുക (strengthening of embankments) മുതലായ ആവശ്യങ്ങൾക്കാണ് പ്രസ്തുത വിഹിതം വിനിയോഗിക്കേണ്ടത്. തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ സ്ഥാപനത്തിന് കൈമാറിയ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് പുതിയ നിർമ്മിതികൾക്കായി വിനിയോഗിക്കേണ്ടത് (സർക്കുലർ നം. 68228/എഫ്.എം.1/2012/ത.സ്വ.ഭ.വ, തീ.28.11.12). 16-08-2016 ലെ ജനറൽ കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ VII(c) തീരുമാനം ഇപ്രകാരമാണ്. "പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി കിടക്കുന്ന ശോച്യാവസ്ഥയിലുള്ള റോഡുകളുടെ വികസനം അടിയന്തിരമായി നടത്തേണ്ടതിനാലും പല സ്ഥലങ്ങളിലും ടാറിംഗ് പ്രായോഗികമല്ലാത്തതിനാലും മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് ടി റോഡുകളുടെ കോൺക്രീറ്റിംഗ് വേലകൾ നടത്തുന്നതിന് തീരുമാനിച്ചു." പ്രസ്തുത തീരുമാനത്തിൽ സ്ഥാപനത്തിന് കൈമാറിയ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തിട്ടുള്ളതായി രേഖകളില്ല. ടി സർക്കാർ ഉത്തരവ് വിവക്ഷിക്കുന്ന തരത്തിൽ അറ്റകുറ്റപ്പണികൾ ആവശ്യമുള്ള റോഡുകൾ ഒരു വാർഡുകളിലും അവശേഷിക്കുന്നില്ലെങ്കിൽ മാത്രമേ ടി തരത്തിൽ മെയിന്റെനൻസ് ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ കോൺക്രീറ്റിംഗ് ഏറ്റെടുക്കാവൂ. അല്ലാത്ത പക്ഷം സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതായിരുന്നു. റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതികളുടെ അംഗീകാരം കിട്ടിയ പ്രോജക്റ്റ് പ്രൊഫോർമയിൽ ക്രമ നം. 42 ൽ അധിക വിവരങ്ങൾ എന്ന് ശീർഷകത്തിൽ, പ്രമാടം ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ റോഡുകളൊന്നും മെയിന്റനൻസ് ചെയ്യാൻ ഇല്ലാത്തതിനാൽ ടി സാമ്പത്തിക വർഷത്തിലെ മെയിന്റനൻസ് ഫണ്ട്(റോഡ്) ഉപയോഗിച്ച് റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ച് അംഗീകാരം വാങ്ങുവാൻ 16-08-2016 VII(c)-ാം നം. പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. എന്നാൽ പ്രസ്തുത തീരുമാനത്തിന്റെ മിനിട്ട്സിൽ സ്ഥാപനത്തിന് കൈമാറിയ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തിട്ടില്ല. അറ്റകുറ്റപ്പണികൾ ആവശ്യമുള്ള റോഡുകൾ നിലനിൽക്കുന്നതുകൊണ്ടായിരിക്കാം ഭരണസമിതി മേൽത്തരത്തിൽ തീരുമാനം കൈക്കൊണ്ടതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ആവശ്യമായ തീരുമാനം കൈക്കൊള്ളാതെ ക്രമ വിരുദ്ധമായി മെയിന്റനൻസ് ഫണ്ട്(റോഡ്) ഉപയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് നടത്തിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | മെയിന്റനൻസ് ഫണ്ട്(റോഡ്) ചെലവഴിച്ച തുക | ബിൽ നം. / തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | പുറത്തുട്ട് പടി തടത്തിൽ പടി റോഡ് ളാക്കൂർ പൂത്തേപ്പടി പള്ളി റോഡ് കോൺക്രീറ്റിംഗ്(78/17) | 140000 | 139347 | 37/16-17/ 14-03-17 |
| 2. | പ്രമാടം മൃഗാശുപത്രി പൊരിയാടി മണ്ണിൽ പടി റോഡ് കോൺക്രീറ്റിംഗ്(83/17) | 140000 | 139347 | 52/16-17/ 31-03-17 |
| 3. | മനവേലിൽ പടി കളപ്പാറ റോഡ് കോൺക്രീറ്റിംഗ്(85/17) | 150000 | 149058 | 11/16-17/ 28-02-17 |
| 4. | കെ ഇന്റസ്ട്രീസ് പടി പട്ടരികത്ത് ചെറുകുന്നത്ത് പടി റോഡ് കോൺക്രീറ്റിംഗ്(87/17) | 140000 | 137678 | 53/16-17/ 31-03-17 |
| 5. | വല്ല്യപറമ്പിൽ പടി കണിയാൻ ചാൽ ഏലാ റോഡ് കോൺക്രീറ്റിംഗ്(88/17) | 170000 | 169313 | 5/16-17/ 28-02-17 |
| 6. | മാമൂട്ടിൽ പടി ചന്ദനപ്പള്ളി റോഡ് കോൺക്രീറ്റിംഗ്(104/17) | 150000 | 149799 | 57/16-17/ 31-03-17 |
| 7. | കാലാപുറത്ത് പടി മോടിയിൽ പടി കോൺക്രീറ്റിംഗ്(106/17) | 100000 | 99423 | 64/16-17/ 31-03-17 |
| 8. | ചണ്ണയ്ക്കപ്പടി ചേനാത്ത് പടി മുരുപ്പ് റോഡ് കോൺക്രീറ്റിംഗ്(108/17) | 100000 | 99289 | 59/16-17/ 31-03-17 |
| 9. | വട്ടക്കാവ് ചീപ്പ് പടി റോഡ് കോൺക്രീറ്റിംഗ് (110/17) | 220000 | 210089 | 10/16-17/ 28-02-17 |

| | | | | |
|---|---|---|---|---|
| | | | | |
| 10. | വട്ടപ്പാറ കമുകനാം കവി റോഡ് കോൺക്രീറ്റിംഗ് (111/17) | 300000 | 299597 | 11/16-17/ 28-02-17 |
| 11. | എസ്.എൻ.ഡി.പി മേക്കൊഴൂർ റോഡ് കോൺക്രീറ്റിംഗ് (117/17) | 150000 | 147997 | 49/16-17/ 31-03-17 |
| 12. | കൈതമംഗലത്ത് നീതു ഭവനം റോഡ് കോൺക്രീറ്റിംഗ് (118/17) | 150000 | 149799 | 48/16-17/ 31-03-17 |
| 13. | ആമ്പിശ്ശേരി ചിരത്തട്ട റോഡ് കോൺക്രീറ്റിംഗ് (119/17) | 150000 | 149799 | 60/16-17/ 31-03-17 |
| 14. | ഊട്ടിമൂട്ടിൽപ്പടി വാളിയിൽ കടവ് റോഡ് കോൺക്രീറ്റിംഗ് (128/17) | 325000 | 324693 | 65/16-17/ 31-03-17 |
| 15. | ഐ.റ്റി.സി പടി ഭ്രതക്കുഴി ചാരുംകുഴി റോഡ് കോൺക്രീറ്റിംഗ് (129/17) | 254510 | 40900 | 46/16-17/ 24-03-17 |
| 16. | പൊന്തനാലിൽപ്പടി തെങ്ങ് നില്ക്കുന്നതിൽ പടി റോഡ് പടി റോഡ് കോൺക്രീറ്റിംഗ് (133/17) | 200000 | 199964 | 40/16-17/ 14-03-17 |
| 17. | മേനേത്ത് പടി വൻപിലാവിൽപ്പടി റോഡ് കോൺക്രീറ്റിംഗ് (134/17) | 150000 | 149254 | 40/16-17/ 14-03-17 |
| 18. | കീയോടിപ്പടി വല്ല്യതോട്ടത്തിൽ പടി റോഡ് കോൺക്രീറ്റിംഗ് (138/17) | 155000 | 154676 | 6/16-17/ 28-02-17 |

| | | | | |
|---|---|---|---|---|
| 19. | പുലിപ്പാറക്കുഴി ചെറിയവനം തോട്ടത്തിൽ റോഡ് കോൺക്രീറ്റിംഗ് (139/17) | 125000 | 113436 | 20/16-17/ 8-03-17 |
| 20. | പുളിമുക്ക് പാരഗൺ ചെരുപ്പ് കമ്പനി റോഡ് കോൺക്രീറ്റിംഗ് (141/17) | 200000 | 199964 | 38/16-17/ 14-03-17 |
| 21. | മേലൂട്ട് പടി മുട്ടത്തറപ്പടി റോഡ് കോൺക്രീറ്റിംഗ് (170/17) | 175000 | 174184 | 19/16-17/ 8-03-17 |
| 22. | മേശ്ശിരിമുരുപ്പ് തലയിറ റോഡ് കോൺക്രീറ്റിംഗ് (175/17) | 300000 | 299597 | 21/16-17/ 8-03-17 |
| 23. | അട്ടത്തറപ്പടി വെട്ടത്തറപ്പടി റോഡ് കോൺക്രീറ്റിംഗ് (181/17) | 198010 | 197409 | 18/16-17/ 8-03-17 |
| 24. | 62 ാം നം.അങ്കണവാടി റോഡ് കോൺക്രീറ്റിംഗ് (182/17) | 125000 | 124716 | 25/16-17/ 8-03-17 |
| 25. | കളിക്കുന്ന പാറ മൂലപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ് (183/17) | 125000 | 124835 | 17/16-17/ 8-03-17 |
| 26. | ശാന്തിഗിരിപ്പടി പുളിമൂട്ടിൽപ്പടി റോഡ് കോൺക്രീറ്റിംഗ് (185/17) | 125000 | 114757 | 26/16-17/ 8-03-17 |
| 27. | കുറ്റിനിൽക്കുന്നതിൽപ്പടി കരിമരത്തിനാൽപ്പടി റോഡ് കോൺക്രീറ്റിംഗ് (200/17) | 105000 | 104511 | 31/16-17/ 14-03-17 |

| | | | | |
|---|---|---|---|---|
| | | | | |
| 28. | ചാരുംകുഴി മരുതിവിള റോഡ് കോൺക്രീറ്റിംഗ് (203/17) | 125000 | 124963 | 34/16-17/ 14-03-17 |
| 29. | മുരുപ്പേൽപടി എം.എസ്.നിവാസ് പടി റോഡ് കോൺക്രീറ്റിംഗ് (204/17) | 115000 | 107602 | 30/16-17/ 14-03-17 |
| 30. | അത്തിക്കാലാപ്പടി നിരവത്ത് ജം. റോഡ് കോൺക്രീറ്റിംഗ് (205/17) | 152000 | 151080 | 33/16-17/ 14-03-17 |
| 31. | കുറ്റിനിൽക്കുന്നതിൽ പടി അങ്കണവാടിപ്പടി റോഡ് കോൺക്രീറ്റിംഗ് (206/17) | 159500 | 159294 | 32/16-17/ 14-03-17 |
| 32. | ഇൻഡോർ സ്റ്റേഡിയം വഞ്ചിപ്പടി വടക്കേ ഏലാ റോഡ് കോൺക്രീറ്റിംഗ് (210/17) | 263850 | 263850 | 45/16-17/ 24-03-17 |
| 33. | മല്ലശ്ശേരി കെ.എം.യു.പി സ്കൂൾ കുന്നത്തേത്ത് പടി ഏലാ റോഡ് കോൺക്രീറ്റിംഗ് (212/17) | 200000 | 199964 | 16/16-17/ 28-02-17 |
| 34. | മുരുപ്പേൽ പടി സൊസൈറ്റിപ്പടി റോഡ് കോൺക്രീറ്റിംഗ് (214/17) | 200000 | 195530 | 12/16-17/ 28-02-17 |
| 35. | കരവേലിപ്പടി മുട്ടത്ത്ഭാഗം റോഡ് കോൺക്രീറ്റിംഗ് (221/17) | 150000 | 149799 | 51/16-17/ 31-03-17 |

| | | | | |
|---|---|---|---|---|
| 36. | കൊട്ടവാശ്ശേരിപ്പടി തിട്ടപ്പഴപ്പടി റോഡ് കോൺക്രീറ്റിംഗ് (222/17) | 150000 | 143305 | 36/16-17/ 14-03-17 |
| 37. | പുതുപ്പറമ്പിൽ പടപ്പാറ റോഡ് കോൺക്രീറ്റിംഗ് (242/17) | 225000 | 224701 | 14/16-17/ 28-02-17 |
| | ആകെ | | 6083519 | |

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് ഭരണസമിതി തീരുമാനമെടുത്തിതിന്റെ അടിസ്ഥാനത്തിൽ റോഡ് മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു(15/15-07-2017). ആയതിന് ലഭ്യമാക്കിയ മറുപടിയിൽ, നിലവിൽ കൈമാറിക്കിട്ടിയ റോഡുകളൊന്നും തന്നെ അറ്റകുറ്റപ്പണി ചെയ്യാനില്ലെന്നും ടാർ റോഡ് സ്ഥല വിശേഷമനുസരിച്ച് അപ്രായോഗികമാണെന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതായി ഓരോ പ്രോജക്റ്റിന്റെയും ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാലും ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതിനാലുമാണ് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിഹിതം ഉപയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പാക്കിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. സർക്കാർ ഉത്തരവിന് അനുസൃതമായി കൈമാറിക്കിട്ടിയ റോഡുകളിലൊന്നു തന്നെ അറ്റകുറ്റപ്പണി ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തിട്ടില്ലാത്ത സാഹചര്യത്തിൽ ടി 6083519/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഇ ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്കും വാറ്റ് സർക്കാർ ഫണ്ടിലേക്കും ക്രഡിറ്റ് ചെയ്തില്ല

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസും വാറ്റും (5%) പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ജി.ഒ.(പി) 429/2015/ഫിൻ/28-09-2015 ഉത്തരവ് അനുസരിച്ച് 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ, കൂടിയത് 2000 രൂപ).പത്ത് ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2500 രൂപയുമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ അനുസരിച്ച് പ്രമാടം ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം ഇ ടെണ്ടർ മുഖേന 2 പ്രവൃത്തിയും 2016-17 വർഷം 3 പ്രവൃത്തികൾക്കും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്കായി ഇ ടെണ്ടർ സമർപ്പിച്ച ഓരോ കരാറുകാരും താഴെപ്പറയും പ്രകാരം ഓൺലൈനായി ടെണ്ടർ ഫീസും വാറ്റും എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർഫീസ് പ്രമാടം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനും വാറ്റ് ഇനത്തിൽ ലഭിച്ച തുക സർക്കാരിലേക്ക് ഒടുക്കുന്നതിനും നാളിതുവരെയായി അസി. എഞ്ചിനിയർ നടപടി സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ഇ-ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് | വാറ്റ് (5%) | ആകെ |
|---|---|---|---|---|---|---|
| 1. | ഹോമിയോ ആശുപത്രി പൂർത്തീകരണം (311/16) | 1201181 | 2 | 2x5000=10000 | 500 | 10500 |
| 2. | ആയുർവ്വേദാശുപത്രി നിർമ്മാണം (309/116). | 1650000 | 1 | 1x5000=5000 | 250 | 5250 |

| | | | | | | |
|---|---|---|---|---|---|---|
| 3. | ചെമ്പിക്കുന്ന് കോളനി റാമ്പ്, നടപ്പാത,പാർശ്വ ഭിത്തി നിർമ്മാണം(245/17). | 784000 | 2 | 2x1568=3136 | 164 | 3300 |
| 4. | പൂങ്കാവ് മാർക്കറ്റിൽ പച്ചക്കറി സ്റ്റാൾ യാർഡ് കോൺക്രീറ്റിംഗ്(297/17) | 1500000 | 3 | 3x2500=7500 | 375 | 7875 |
| 5. | സാംസ്കാരിക നിലയം നിർമ്മാണം(259/17) | 2900000 | 5 | 5x2500=12500 | 625 | 13125 |
| | ആകെ | | | 38136 | 1964 | 40100 |

ടി വിവരം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു(08/11-07-17). ആയതിന് നൽകിയ മറുപടിയിൽ ടി തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതിനും വാറ്റ് ഇനത്തിൽ സർക്കാരിലേക്ക് അടക്കേണ്ട തുക ഒടുക്ക് വരുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് അസി. എഞ്ചിനിയർ അറിയിച്ചു.

## 3-5 ഗുണഭോക്തൃസമിതിയുടെ വരവ് ചെലവ് കണക്ക് ഇല്ല

2016-17 വർഷം അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ ഏതാനും മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ചുള്ള വരവ് ചെലവ് കണക്കോ ചെലവിനാധാരമായ രേഖകളോ ലഭ്യമാക്കാതെ ഫൈനൽ ബിൽ തുക നൽകിയ അസിസ്റ്റന്റ് എഞ്ചിനിയറുടെ നടപടി ക്രമവിരുദ്ധമാണ്.

അസിസ്റ്റന്റ് എഞ്ചിനിയറും ഗുണഭോക്തൃസമിതിയും തമ്മിലേർപ്പെട്ട കരാറിലെ വ്യവസ്ഥകൾ അനുസരിച്ചും ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ചുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശമനുസരിച്ചും എസ്റ്റിമേറ്റ് തുകയോ പ്രവൃത്തിമൂല്ല്യ തുകയോ ഗുണഭോക്തൃസമിതിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ ഏതാണ് കുറവ് എങ്കിൽ ആ തുകയ്ക്ക് മാത്രമേ സമിതിക്ക് പ്രതിഫലമായി അർഹതയുള്ളൂ . ഗുണഭോക്തൃസമിതി വാങ്ങിയ നിർമ്മാണ സാമിഗ്രികളുടെ അസ്സൽ ബിൽ വാങ്ങി പരിശോധിച്ച് ആവശ്യമായ അളവിൽ ഉപയോഗിച്ചിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താതെയും ചെലവിന് ആധാരമായ മുഴുവൻ രേഖകളും ലഭ്യമാക്കാതെ കൺവീനർക്ക് പ്രതിഫലം നൽകിയ അസിസ്റ്റന്റ് എഞ്ചിനിയറുടെ നടപടി ക്രമ വിരുദ്ധമാണ്. കേരള പഞ്ചായത്ത് രാജ് /കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 15 അനുസരിച്ച് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകളെ അടിസ്ഥാനമാക്കിയും ഗുണമേന്മ ഉറപ്പു വരുത്തിയും മാത്രമേ ഗുണഭോക്തൃസമിതിക്ക് പേയ്മെന്റ് നൽകാവൂ എന്നിരിക്കെ ചെലവിനാധാരമായ രേഖകൾ വാങ്ങി സൂക്ഷിക്കാതെ ഫൈനൽ ബിൽ തുക നൽകിയത് ചട്ടങ്ങളുടെ ലംഘനം തന്നെയാണ്. ഇത്തരത്തിൽ തുക ചെലവഴിച്ച പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെവിശദാംശം | പ്രവൃത്തിമൂല്ല്യ തുക | കൺവീനർക്ക് നൽകിയ തുക | ബിൽ നം./തീയതി |
|---|---|---|---|---|
| 1. | റാണിമിൽ പേഴുംപാറ റോഡ് സംരക്ഷണ ഭിത്തി കെട്ട്(208/17)<br>അടങ്കൽ:- 92000/-<br>കൺവീനർ:- തങ്കമണിയമ്മ<br>എം.ബുക്ക്:- 192/16-17 | 53038 | 48795 | 54/16-17/ 31/03/17 |
| | ആകെ | | 48795/- | |

ടി പ്രവൃത്തി സംബന്ധിച്ച് കൺവീനർക്ക് യഥാർത്ഥത്തിൽ ചെലവായ തുകയ്ക്ക് ആധാരമായ മുഴുവൻ രേഖകളും സമിതി അംഗീകരിച്ച കണക്കും ഇല്ലാത്തത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണ കുറിപ്പ്(19/18-07-17) നൽകിയിരുന്നു. ആയതിന് അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ ഫയലിംഗിലുണ്ടായ പിഴവാണെന്ന് അറിയിച്ചു. വരവ് ചെലവ് കണക്കിന്റെയും ആയതിന് ആധാരമായ രേഖകളുടെയും അഭാവത്തിൽ 48795/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല

2016-17 സാമ്പത്തിക വർഷം അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ക്ഷേമ നിധി ബോർഡിൽ ഒടുക്കിയത് ബോർഡ് സെക്രട്ടറി കൈപ്പറ്റിയതായി രേഖയില്ല. അസി. എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വർഷം 3 പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച വിഹിതം സെക്രട്ടറിയുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് ആയി അയയ്ക്കുകയും ബാക്കിയുള്ള 79 പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച ക്ഷേമനിധി വിഹിതം ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഒടുക്കിയ മാർഗ്ഗം | പ്രവൃത്തികളുടെ എണ്ണം | ക്ഷേമനിധി തുക |
|---|---|---|
| ഡിമാന്റ് ഡ്രാഫ്റ്റ് | 3 | 2715 |
| ട്രാൻസ്ഫർ ക്രഡിറ്റ് | 79 | 125322 |
| ആകെ | 82 | 128037 |

ടി 128037രൂപ ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ടോ എന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തി ആയതിന്റെ ഔദ്യോഗിക രസീത് ലഭ്യമാക്കി വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-7 അമ്പത്തിനാല് ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം 38016709/- രൂപ വകയിരുത്തി 183 പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചതിൽ 35പ്രവൃത്തികൾ സ്പിൽ ഓവറും 148 പ്രവൃത്തികൾ തൻ വർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തികളുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ 84 എണ്ണം മാത്രം പൂർത്തീകരിച്ച് തുക ചെലവഴിച്ചിട്ടുള്ളൂ. 24 സ്പിൽ ഓവർ പ്രവൃത്തികളും 75 പുതിയ പ്രവൃത്തികളും തൻ വർഷം നടപ്പാക്കിയിട്ടില്ല. 2017ഫെബ്രുവരി മാസം 12 പ്രവൃത്തികളും, മാർച്ച് മാസത്തിൽ 68 പ്രവൃത്തികളും നടപ്പിലാക്കി 13463420 രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പാക്കിയ പ്രവൃത്തികളുടെ 80 ശതമാനത്തോളം പദ്ധതി വർഷത്തിന്റെ അവസാന മാസത്തിലാണ് നിർവ്വഹിച്ചിട്ടുള്ളത്. സാങ്കേതിക വിഭാഗത്തിൽ ഒരു അസി. എഞ്ചിനിയറും രണ്ട് ഓവർസിയർമാരും ഒരു ക്ലാർക്കും മാത്രമാണ് ഉള്ളത്. അസി.എഞ്ചിനിയർക്ക് വള്ളിക്കോട് ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി യുടെ ചുമതല കൂടിയുണ്ട്. രണ്ട് ചുമതലയുള്ളതിനാൽ പദ്ധതി നിർവ്വഹണം കൂടുതൽ നടന്ന മാർച്ച് മാസത്തിൽ പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങളിലുള്ള മേൽനോട്ടത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും ആയത് നിർവ്വഹണത്തിലെ സുതാര്യതയെയും ഗുണമേന്മയും ബാധിക്കുമെന്നും ഓഡിറ്റ് വിലയിരുത്തുന്നു. സാങ്കേതിക വിഭാഗത്തിൽ പരിമിതമായ സ്റ്റാഫ് മാത്രം ഉണ്ടായിരിക്കെ ധാരാളം പ്രോജക്ടുകൾ ആവിഷ്കരിക്കുകയും ആയതിന്റെ അമ്പത്തിനാല് ശതമാനത്തോളം നിർവ്വഹിക്കാൻ കഴിയാതെ വരികയും ചെയ്തത് പദ്ധതി നിർവ്വഹണത്തിലുണ്ടായ പാളിച്ചയാണ്. ഇത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനോട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു(09/11-07-17). ആയതിന് ലഭ്യമാക്കിയ മറുപടിയിൽ, പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്രയധികം പ്രോജക്ടുകൾ ആവിഷ്കരിച്ചതെന്നും അസി. എഞ്ചിനിയർക്ക് രണ്ട് പഞ്ചായത്തിന്റെ ചുമതലയുള്ളതിനാൽ പരിമിതമായ സമയത്തിനുള്ളിൽ സമയബന്ധിതമായി പ്രവൃത്തികൾ നടപ്പിലാക്കാൻ കഴിയാതെ വന്നതായും അറിയിച്ചു. കൂടാതെ, മാർച്ച് 31ന് നൽകിയ 31 പ്രവൃത്തികളുടെ ബില്ലുകൾ (5231756/-രൂപ) ട്രഷറി ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തിയാണ് സ്വീകരിച്ചതെന്നും പ്രസ്തുത ദിവസം മാറി നൽകിയില്ലെന്നും ഇക്കാരണത്താലും ചെലവഴിച്ച തുകയിൽ കുറവ് സംഭവിച്ചുവെന്നും അറിയിച്ചു. ഭാവിയിൽ പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുവാൻ പ്രോജക്ടുകളുടെ ബാഹുല്ല്യം കുറയ്ക്കുന്നതിനും കൃത്യമായി മോണിട്ടറിംഗ് നടത്തുന്നതിനും ഭരണസമിതി വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-8 സമഗ്ര വിദ്യാഭ്യാസം പദ്ധതി-പ്രൊജക്ടർ വാങ്ങിയതിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം | എസ് 0014/2017 |
| പ്രോജക്ടിന്റെ പേര് | സമഗ്ര വിദ്യാഭ്യാസം |
| ബിൽ നം/തീയതി<br>തുക | 2/16-17 29.03.17<br>49000 |
| അടങ്കൽ | 100000 |
| ചെലവഴിച്ച തുക | 49000 |
| ബിൽ നം/തീയതി | 2/16-17,29.03.2017 |

പ്രമാടം ഗവ എൽ പി സ്കൂൾ എച്ച് എം നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ സമഗ്ര വിദ്യാഭ്യാസം എന്ന പ്രോജക്ടിൽ പ്രമാടം ഗവ എൽ പി എസ്സിന് പ്രൊജക്ടർ,ബോർഡ് എന്നിവ ക്വട്ടേഷൻ ക്ഷണിച്ച് ആർ ജെ എന്റർപ്രൈസസ്,കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

20.02.2017 ലെ സ ഉ (സാധാ) 460/2017 പൊ വി വ ഉത്തരവ് , പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ ഇ പി 3 10192/2015/ ഡിപിഐ തീയതി 20-11-2016നടപടി ക്രമം എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ചല്ല പ്രൊജക്ടർ വാങ്ങിയിട്ടുള്ളതെന്ന് കാണുന്നു.

മേൽ ഉത്തരവുകൾ പ്രകാരം പ്രൊജക്ടറിന് നിശ്ചയിച്ചിരുന്ന വില 25630/-രൂപ ആയിരുന്നു. എന്നാൽ 42000/- രൂപ ചെലവഴിച്ചു. 5 വർഷ വാറന്റിയുള്ള സാധനങ്ങൾ വാങ്ങണമെന്ന സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല. പ്രൊജക്ടറിന് 2 വർഷ വാറന്റിയാണ് ഉള്ളത്. ടി അപാകതകൾ എൻക്വയറി നം 12 മുഖേന ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആയതിന്റെ മറുപടിയിൽ, സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് തന്നെ പദ്ധതി പ്രവർത്തനം ആരംഭിച്ചതിനാലാണ് ഉത്തരവിലെ നിർദ്ദേശം പാലിക്കാൻ കഴിയാതെയിരുന്നതെന്ന് രേഖപ്പെടുത്തിയിരുന്നു. ആയതിനാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച തുകയ്ക്ക് ഓഡിറ്റിൽ തടസ്സവാദം ഉന്നയിക്കുന്നു. ഈ വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-9 തെങ്ങുക്കാവ് ജി എൽ പി എസ്സിന് ലാപ് ടോപ്പ്,എൽ സി ഡി പ്രോജക്ടർ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | എസ് 288/2017 |
| പ്രോജക്ടിന്റെ പേര് | തെങ്ങുക്കാവ് ജി എൽ പി എസ്സിന് ലാപ് ടോപ്പ്,<br>എൽ സി ഡി പ്രോജക്ടർ |
| അടങ്കൽ | 90000 |
| ചെലവഴിച്ച തുക | 89900/-(29.03.2017ലെ ഓൺലൈൻ ട്രാൻസാക്ഷൻ) |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ സമഗ്ര വിദ്യാഭ്യാസം എന്ന പ്രോജക്ടിൽ പ്രൊജക്ടർ,ബോർഡ് എന്നിവ ക്വട്ടേഷൻ ക്ഷണിച്ച് ആർ. ജെ. എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. താഴെപ്പറയുന്ന അപാകതകൾ

കാണുന്നു.

1. 20.02.2017 ലെ സ ഉ (സാധാ) 460/2017 പൊ വി വ ഉത്തരവ്, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ ഇ പി 3 10192/2015/ ഡിപിഐ തീയതി 20-11-2016നടപടി ക്രമം എന്നിവ പ്രകാരം പ്രൊജക്ടർ,ലാപ് ടോപ്പ് എന്നിവയ്ക്ക് സർക്കാർ വില നിശ്ചയിച്ചിരുന്നു. യഥാക്രമം 25630/-രൂപയും 28990/- രൂപയും ആയിരുന്നു വില നിശ്ചയിച്ചിരുന്നത്. എന്നാൽ പ്രൊജക്ടറിന് 42000/- രൂപയും ലാപ് ടോപ്പിന് 40900/- രൂപയും ചെലവഴിച്ചിട്ടുണ്ട്. അധികം തുക ചെലവഴിച്ചത് ക്രമ പ്രകാരമല്ല.

2. 5 വർഷ വാറന്റിയുള്ള സാധനങ്ങൾ വാങ്ങണമെന്ന സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല. 1 വർഷം വാറന്റിയുള്ള ഉപകരണങ്ങൾ ആണ് ലഭ്യമാക്കിയിട്ടുള്ളത്. ടി അപാകതകൾ എൻക്വയറി നം 12 മുഖേന ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആയതിന്റെ മറുപടിയിൽ, സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് തന്നെ പദ്ധതി പ്രവർത്തനം ആരംഭിച്ചതിനാലാണ് ഉത്തരവിലെ നിർദ്ദേശം പാലിക്കാൻ കഴിയാതെയിരുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-10 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകതകൾ

1)

| | |
|---|---|
| പ്രോജക്ട് നം | എസ് 144/2017 |
| പ്രോജക്ടിന്റെ പേര് | ഭവന പുനരുദ്ധാരണം (എസ് സി പി) |
| അടങ്കൽ | 1100000 |
| ചെലവഴിച്ച തുക | 990000/- |
| ബിൽ നം./ തീയതി, തുക | 4/16-17 20.02.2017 362500<br>6/16-17 09.03.2017 162500<br>7/16-17 25.03.2017 150000<br>8/16-17 30.03.2017 315000 |

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ ഭവന പുനരുദ്ധാരണം(എസ് സി പി) എന്ന പ്രോജക്ടിൽ ഓരോ ഗുണഭോക്താവിനും 25000/- രൂപ വീതം ആകെ 44 വ്യക്തികൾക്കായി 1100000 രൂപ അടങ്കൽ വികസനഫണ്ട് എസ് സി പി വകയിരുത്തിയിരുന്നു. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് മുഴുവൻ തുകയും നൽകിക്കാണുന്നില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും മേൽ വിലാസവും | നൽകിയ ധനസഹായം | നല്കാൻ ബാക്കിയുള്ള ധനസഹായം |
|---|---|---|---|
| 1 | കല്യാണി നാരായണൻ, കുളനടക്കുഴിയിൽ<br>മല്ലശ്ശേരി | 12500 | 12500 |
| 2 | ആനന്ദവല്ലി സുന്ദരേശൻ,<br>പൂവള്ളി പടിഞ്ഞാറ്റേതിൽ,വകയാർ,കൈതക്കര | 12500 | 12500 |
| 3 | കുഞ്ഞുപിള്ള,മോടിയിൽ,മല്ലശ്ശേരി | 12500 | 12500 |
| 4 | പികെ രാജമ്മ,<br>ചരിവുകാലായിൽ,ഇളപ്പപാറ,കൈതക്കര | 20000 | 5000 |
| 5 | ജാനകി,പാറയടിയിൽ,മല്ലശ്ശേരി | 12500 | 12500 |
| 6 | സുശീല,മോടിയിൽ,ഇളകൊള്ളൂർ | 12500 | 12500 |

| | | | |
|---|---|---|---|
| 7 | നാരായണി,കോന്തനാലിൽ,മറ്റൂർ,മല്ലശ്ശേരി | 12500 | 12500 |
| 8 | ആനന്ദവല്ലി,പൂവള്ളി മുരുപ്പേൽ<br>വകയാർ,കൈതക്കര | 5000 | 20000 |
| 9 | സിന്ധു | 20000 | 5000 |
| 10 | സന്തോഷ് | 20000 | 5000 |

ഭവനപുനരുദ്ധാരണം പൂർത്തീകരിക്കുന്നതിന് സ്പിൽ ഓവറായി പ്രോജക്ട്(നം-216) രൂപീകരിച്ചിട്ടുണ്ടെന്ന് 14-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2)

| | |
|---|---|
| പ്രോജക്ട് നം | എസ് 145/2017 |
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതി കുട്ടികൾക്ക് ലാപ് ടോപ്പ് |
| അടങ്കൽ | 700000 |
| ചെലവഴിച്ച തുക | 669200/- |
| ബിൽ നം/തീയതി | 9/16-17,30.03.2017 |

പട്ടിക ജാതി കുട്ടികൾക്ക് ലാപ് ടോപ്പ് എന്ന പ്രോജക്ടിൽ 28 കുട്ടികൾക്ക് 23900/- എന്ന നിരക്കിൽ 669200/-രൂപ ചെലവഴിച്ചിട്ടുണ്ട്. ലാപ് ടോപ്പിന്റെ വിതരണ രേഖകളിൽ ഉൾപ്പെട്ടിട്ടുള്ള താഴെ ചേർത്തിരിക്കുന്ന കുട്ടികൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും മേൽ വിലാസവും | ചെലവഴിച്ച തുക |
|---|---|---|
| 1 | ആദർശ് ആനന്ദ്, പട്ടേരിൽ മുണ്ടയ്ക്ക മുരുപ്പ്<br>തെങ്ങും കാവ് | 23900 |
| 2 | ഐറിന എസ് ഷൈലജ<br>വെട്ടൂർകാട്ടിൽ,തെങ്ങുംകാവ് പി ഒ | 23900 |
| 3 | അഞ്ജു എ,അമ്പലപ്പറമ്പിൽ<br>കൈതക്കര,ഇളപ്പുപ്പാറ പി ഒ | 23900 |
| 4 | വിശാഖ് ശശി,പന്നിക്കൽ തറയിൽ<br>കൈതക്കര,ഇളപ്പുപാറ പി ഒ | 23900 |
| 5 | ആതിര ചന്ദ്രൻ,ഏഴുമണ്ണിൽ ചരിവ് പുരയിടം | 23900 |
| 6 | ആര്യാ സോമൻ,പനച്ചിക്കൽ വീട്, ളാക്കൂർ | 23900 |
| | ആകെ | 143400 |

ഇവർക്ക് ആനുകൂല്യം നൽകിയത് 13.03.2017 ലെ I(c) നം തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചുവെങ്കിലും ഗ്രാമ

സഭയിൽ അംഗീകരിച്ചിട്ടില്ല എന്ന് കാണുന്നു. ബഹു കേരളാ ഹൈക്കോടതിയുടെ 4/4/1997 ലെ 18175/96/L/ കേസിന്റെ വിധിന്യായത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത് ഗ്രാമസഭയിലൂടെയാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മാത്രമല്ല സുതാര്യമല്ലാത്ത ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഇൻഡ്യൻ ഭരണഘടന ആർട്ടിക്കിൾ 14 ന്റെ ലംഘനവുമാണ്. ആയതിനാൽ ചെലവഴിച്ച തുക 143400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 മഴക്കാലപൂർവ്വ ശുചീകരണം- ചെലവ് രേഖകൾ ഹാജരാക്കിയില്ല

പ്രമാടം ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിൽ ശുചിത്വ മിഷൻ ഫണ്ടിൽ നിന്ന് വൗച്ചർ നമ്പർ 21600109/30.05.2016 പ്രകാരം ഓരോ വാർഡുതല സാനിറ്റേഷൻ സമിതികൾക്കും 10000 രൂപ വീതം ആകെ 190000 രൂപയും തനതു ഫണ്ടിൽ നിന്ന് വൗച്ചർ നമ്പർ 21600150/20.06.2016 പ്രകാരം 5000 രൂപ വീതം ആകെ 95000 രൂപയും ചേർത്ത് 285000 രൂപ നൽകിയിട്ടുണ്ട്. ടി തുകകളുടെ ചെലവ് രേഖകൾ വൗച്ചറിനോടൊപ്പം ലഭ്യമാക്കിയില്ല. വാർഡുതല സാനിറ്റേഷൻ സമിതി കൺവീനർമാരുടെ കൈപ്പറ്റ് രസീത് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. തുകകൾ കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ് നമ്പർ | കൺവീനർമാരുടെ പേര് | തുക |
|---|---|---|---|
| 1 | 1 | റഷീദ. വി.എസ്സ്, JPHN | 15000 |
| 2 | 2 | സുനിത.എസ്സ്, JHI | 15000 |
| 3 | 3 | സജിത.എച്ച്, JPHN | 15000 |
| 4 | 4 | സജിത.എച്ച്, JPHN | 15000 |
| 5 | 5 | എൻ. ബാബു, JHI | 15000 |
| 6 | 6 | എൻ. ബാബു | 15000 |
| 7 | 8 | ബിന്ദുമോൾ.കെ, JPHN | 15000 |
| 8 | 9 | ബിന്ദുമോൾ.കെ, | 15000 |
| 9 | 10 | അനിൽകുമാർ.എൻ, JHI | 15000 |
| 10 | 11 | അനിൽകുമാർ.എൻ, JHI | 15000 |
| 11 | 12 | ഷൈബി എം പി, JPHN | 15000 |
| 12 | 13 | രാജശേഖരൻ നായർ, JHI | 15000 |
| 13 | 14 | സുമ.സി.എൻ, JPHN | 15000 |

| | | | |
|---|---|---|---|
| 14 | 15 | രാജശേഖരൻ നായർ, JHI | 15000 |
| 15 | 16 | സുമ.സി.എൻ, JPHN | 15000 |
| 16 | 17 | രാജലക്ഷ്മി എം ആർ,JPHN | 15000 |
| 17 | 19 | സുനിത.എസ്സ്, JHI | 15000 |
| ആകെ | | | 255000 |

രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-20/18.07.2017) നൽകിയതിനെ തുടർന്ന് വാർഡ് നം-7,18 എന്നിവിടങ്ങളിലെ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നു. ടി വാർഡുകൾക്ക് അനുവദിച്ച തുക ഒഴികെയുള്ള 255000 രൂപ രേഖകളുടെ അഭാവത്തിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി 2016-17 വർഷം കെ എസ് ഇ ബി ക്കും കേരള വാട്ടർ അതോറിറ്റിയ്ക്കും വികസന ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം വാട്ടർ അതോറിറ്റിയിൽ നിന്നും കെ എസ് ഇ ബി യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | നെടുമുരുപ്പേൽ എസ് എൻ ഡി പി പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | കേരള വാട്ടർ അതോറിറ്റി | അസിസ്റ്റന്റ് എഞ്ചിനിയർ,കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ടയ്ക്ക് ആർ.റ്റി. ജി.എസ്. മുഖേന 30.03.2017 ൽ തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു | 66000 | വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 66000 |
| 2 | പ്രമാടം കുടിവെള്ള പദ്ധതി-ഐരേത്ത് വിള ടാങ്കിന് വാൽവ് (എസ് 0083/2017) | കേരള വാട്ടർ അതോറിറ്റി | | 49000 | " | 49000 |
| 3 | 69-ാം നമ്പർ അംഗൻവാടി കുഴൽ കിണർ നിർമ്മാണം | ഭൂഗർഭ ജല വകുപ്പ് | 30.03.2017 ൽ തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു | 133000 | " | 133000 |

| | | | | | | |
|---|---|---|---|---|---|---|
| 4 | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ(എസ് 0156/16-17) | കെ എസ് ഇ ബി | കെ എസ് ഇ ബിയ്ക്ക് 27.02.2017 ൽ തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു.(A/C No-57068566102) | 1814848 | " | 1814848 |
| 5 | 8-ാം വാർഡിൽ കോളനിയിൽ തെരുവ് വിളക്ക് ലൈൻ | കെ എസ് ഇ ബി | | 127155 | " | 127155 |
| 6 | തലയറ കോളനി 3-ഫേസ് വൈദ്യുതി കണക്ഷൻ | കെ എസ് ഇ ബി | | 464200 | " | 464200 |
| 7 | മണലാടി കോളനി 3-ഫേസ് വൈദ്യുതി കണക്ഷൻ | കെ എസ് ഇ ബി | | 12965 | " | 12965 |
| 8 | പൂങ്കാവ് മാർക്കറ്റ് 11 കെ വി ലൈൻ സ്റ്റേ വയർകുറ്റി സ്ഥാപിക്കൽ (0085/2017) | കെ എസ് ഇ ബി | | 15111 | " | 15111 |
| | ആകെ | | | 2682279 | | 2682279 |

പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 2682279/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-13 ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ പാളിച്ച

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃസമിതി മുഖേനെ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലും കൺവീനർ ഹാജരാക്കുന്ന ചെലവ് രേഖകളിലും പൊതുവായ പല അപാകതകളും കാണുന്നു.

കേരള പഞ്ചായത്ത് രാജ് / കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങളിലെ ചട്ടം 13 അനുസരിച്ച് പൊതുമരാമത്ത് പണികളുടെ നിർവ്വഹണം ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കാവുന്നതാണ്. സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വേണം ഗുണഭോക്തൃസമിതി രൂപീകരണം മുതൽ

പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കുന്നത് വരെയുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടത്. കൂടാതെ 04-03-2013 ലെ തദ്ദേശഭരണ വകുപ്പിന്റെ 1047/ഡി.എ.1/13/തസ്വഭവ- ാം നമ്പർ സർക്കുലറിൽ ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പണികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2016-17 വർഷം അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃസമിതികൾ മുഖേന ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ പലതിലും ടി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുകയോ ടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുകയോ ചെയ്തിട്ടില്ല.

<u>ഗുണഭോക്തൃ സമിതി രൂപീകരണത്തിന്റെ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നില്ല</u>

പഞ്ചായത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തിയുടെ ഗുണഭോക്താക്കളുടെ ഒരു യോഗം പഞ്ചായത്ത് പ്രസിഡന്റോ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനോ വാർഡ് മെമ്പറോ ചുരുങ്ങിയത് 3 ദിവസങ്ങൾക്ക് മുമ്പ് നോട്ടീസുകൾ വിതരണം നടത്തി വിളിച്ചു കൂട്ടേണ്ടതാണ്. ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പല പ്രവൃത്തികളുടെയും ഫയലിൽ ഗുണഭോക്തൃസമിതി വിളിച്ചു കൂട്ടുന്നതിനായി നോട്ടീസ് നടത്തിയതിന്റെ രേഖയില്ല. എന്നാൽ ഗുണഭോക്താക്കളുടെ യോഗം ചേർന്നതിന്റെ മിനിട്ട്സ് തയ്യാറാക്കിയിട്ടുണ്ട്.

<u>പണമിടപാടുകൾക്ക് സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങിയില്ല</u>

പ്രവൃത്തികൾ നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത ഒരു സഹകരണ / ഗ്രാമീണ/ ദേശസാൽകൃത ബാങ്കിൽ ഗുണഭോക്തൃ സമിതി ചെയർമാന്റെയും കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താൻ പാടുള്ളുവെന്നും പ്രസ്തുത പ്രവൃത്തിക്കുവേണ്ടി രൂപീകരിച്ച ഗുണഭോക്തൃ സമിതിക്ക് വേണ്ടിയാണ് ചെയർമാന്റെയും കൺവീനറുടെയും പേരിൽ ജോയിന്റ് അക്കൗണ്ട് ആരംഭിക്കേണ്ടതെന്നും വ്യക്തികൾ എന്ന നിലയിലല്ലെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. നാമമാത്രമായ പ്രവൃത്തികൾക്ക് മാത്രമാണ് സംയുക്ത അക്കൗണ്ട് ആരംഭിച്ചത്. പല പ്രവൃത്തികൾക്കും സംയുക്ത അക്കൗണ്ട് ആരംഭിക്കുന്നതിന് പകരം കൺവീനർ വ്യക്തിപരമായി തുടങ്ങിയിട്ടുള്ള അക്കൗണ്ടിന്റെ വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിലേക്കാണ് ഫൈനൽ ബിൽ പ്രകാരം കൺവീനർക്ക് അർഹതപ്പെട്ട തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. ആയത് ക്രമ വിരുദ്ധമായ സംഗതിയാണ്. ചില പ്രവൃത്തിയുടെ ഫയലിൽ അക്കൗണ്ടിന്റെ വിവരം സംബന്ധിച്ച് ഒരു രേഖയുമില്ല. ആയതിനാൽ പണമിടപാടുകൾക്ക് സുതാര്യതയില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഏതാനും പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | കൺവീനർ | ചെയർമാൻ | അക്കൗണ്ടിന്റെ വിവരം |
|---|---|---|---|
| മുല്ലനിൽക്കുന്നതിൽ പടി കാലായിൽ ഇളംകുളം ഏലാ റോഡ് കോൺക്രീറ്റിംഗ്(89/17) | ജയകുമാരി.പി, കാലായിൽ | എബ്രഹാം.റ്റി, തേക്കുംകാട്ടിൽ | സൗത്ത് ഇന്ത്യൻ ബാങ്ക്,പൂങ്കാവ്-കൺവീനറുടെ വ്യക്തിപരമായ അക്കൗണ്ട്- A/C No. - 0454053000001761 D.O.A-07-10-2009 |
| പ്രമാടം മൃഗാശുപത്രി പൊരിയോടിമണ്ണിൽ പടി റോഡ് കോൺക്രീറ്റിംഗ്(83/17) | സുധീൻലാൽ.ഇ.എസ്, ഇടയിലേമുറിയിൽ | അരുൺ.പി.പി,മണ്ണിൽ | സംയുക്ത അക്കൗണ്ട് തുടങ്ങിയതിന്റെ രേഖകൾ ഇല്ല |
| പുന്നനിൽക്കുന്നതിൽ പടി കന്നംപുറം റോഡ് കോൺക്രീറ്റിംഗ്(171/17) | എൻ. ഗോപാലൻ, കുഴിപ്പറമ്പിൽ | രാജു ജോർജ്ജ് , ചരിവുകാലായിൽ | എസ്.ബി.റ്റി,കോന്നി-കൺവീനറുടെ വ്യക്തിപരമായ അക്കൗണ്ട്- A/C No. -570033721035 D.O.A-03-07-2010 |

2. <u>വരവ് ചെലവ് കണക്ക്</u>

പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം നിർമ്മാണ പ്രവൃത്തിക്ക് ഉപയോഗിക്കുന്ന സാധനങ്ങളുടെ തരവും അളവും വിലയും തൊഴിലാളികളുടെ എണ്ണവും കൂലിയും മറ്റ് ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃസമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതുമാണ്. കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനിയർ

സാക്ഷ്യപ്പെടുത്തേണ്ടതും അസി .എക്സി. എഞ്ചിനിയർ മേലൊപ്പിടേണ്ടതുമാണ്. മസ്റ്റർ റോളിൽ ഉൾപ്പെട്ടിട്ടു ള്ള തൊഴിലാളികൾക്ക് കൺവീനർ കൂലി നല്കിയിട്ടുള്ളതായി സാക്ഷ്യപ്പെടുത്തുകയും അസി. എഞ്ചിനിയറും അസി .എക്സി. എഞ്ചിനിയറും മേലൊപ്പിടേണ്ടതുമാണ്. കൺവീനർ എല്ലാ ക്യാഷ് ബില്ലിലും paid by me എന്ന് എഴുതി ഒപ്പിടേണ്ടതാണ്. പല പ്രവൃത്തികളുടെയും വരവ് ചെലവ് അംഗീകരിക്കുന്ന ഗുണഭോക്തൃസമിതി മിനിട്ട്സിൽ അംഗങ്ങളുടെ പേര് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒപ്പ് രേഖപ്പെടുത്തി കാണുന്നില്ല. ഗുണഭോക്തൃ സമിതി ഹാജരാക്കുന്ന ബഹുഭൂരിപക്ഷം ക്യാഷ് ബില്ലുകളിലും കൺവീനർ paid by me എന്ന് എഴുതി ഒപ്പിടുന്നില്ല. അസി. എഞ്ചിനിയർ മാത്രം ഒപ്പിടുന്നു. മസ്റ്റർ റോളുകൾ എല്ലാം തന്നെ ഒരേ കൈപ്പടയിൽ തയ്യാറാക്കിയതായി തോന്നുന്ന വിധത്തിലാണ് സമർപ്പിച്ചിട്ടുള്ളത്.

അംഗീകൃത ക്രഷർ യൂണിറ്റിൽ നിന്നും നിർമ്മാണസാമിഗ്രികൾ വാങ്ങുന്നതിന്റെ ബിൽ ഹാജരാക്കുന്നില്ല

2015-16 വർഷം ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികൾക്ക് ആവശ്യമായ മെറ്റൽ,എം.സാന്റ് എന്നിവ വാങ്ങിയതിന് അംഗീകൃത ക്രഷർ യൂണിറ്റിൽ നിന്നും ലഭിക്കുന്ന ബിൽ ചെലവിന് ആധാരമായി ഗുണഭോക്തൃസമിതി ഹാജരാക്കുന്നില്ല. പകരം പ്രസ്തുത സാമിഗ്രികൾ കയറ്റിക്കൊണ്ടു വന്ന ലോറി ഡ്രൈവറുടെ വൗച്ചർ മാത്രമാണ് പരിശോധനക്ക് ഹാജരാക്കുന്നത്. റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് മെറ്റൽ, എം.സാന്റ് എന്നിവ സ്റ്റാക്ക് ചെയ്ത് എം.ബുക്കിൽ രേഖപ്പെടുത്താത്ത സാഹചര്യത്തിൽ കൃത്യമായ അളവിൽ സാമിഗ്രികൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുവാൻ ഇതു മൂലം സാധിക്കുന്നില്ല. മാത്രവുമല്ല, 2005 ലെ കേരള വാറ്റ് ചട്ടം 58(10) പ്രകാരം ഫാറം 8B യിലുള്ള ക്യാഷ് ബിൽ ഹാജരാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണ സാമഗ്രികളുടെ വിൽപ്പനയിന്മേലുള്ള വാറ്റ് സർക്കാർ ഫണ്ടിലേക്ക് പോകുന്നുണ്ടോയെന്ന് ഉറപ്പ് വരുത്താനും കഴിയുന്നില്ല.

ഫാറം 8B യിലുള്ള ക്യാഷ് ബിൽ അല്ലാത്ത സിമന്റ് ബിൽ ഹാജരാക്കുന്നു

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ ഏതാനും റോഡ് കോൺക്രീറ്റിംഗ്/ പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തികളുടെ വരവ് ചെലവ് കണക്കിനാധാരമായി കൺവീനർ ഹാജരാക്കിയ സിമന്റ് വാങ്ങിയതിന്റെ ബിൽ 2005 ലെ കേരള വാറ്റ് ചട്ടം 58(10) പ്രകാരം ഫാറം 8B യിലുള്ള ക്യാഷ് ബിൽ അല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | കൺവീനർ | സിമന്റിന്റെ അളവ് , തുക | ബിൽ നം./തീയതി ഏജൻസി |
|---|---|---|---|
| മാർക്കാട്ട് പടി - കല്ലേലിക്കുഴി പാർശ്വഭിത്തി നിർമ്മാണം(195/17) | ബിനു.കെ.ബാബു | 10 pkt. @430=4300 | 260/24-02-17 റോബിൻ പെയിന്റ്സ് &ഹാർഡ് വെയേഴ്സ്, കോന്നി |
| ചണ്ണയ്ക്കപ്പടി ചേനാത്തപടി മുരുപ്പ് റോഡ് കോൺക്രീറ്റിംഗ്(108/17) | ഷൈലജ സതീഷ് | 74pkt. @400=29600 | 768/7-03-17 മാവനാൽ ഹാർഡ് വെയേഴ്സ്,വകയാർ |
| ആമ്പിശ്ശേരി ചിറത്തട്ട റോഡ് കോൺക്രീറ്റിംഗ്(119/17) | രാജൻ | 115 pkt. @400=46000 | 566/4-03-17 ചിത്തിര ഏജൻസീസ്,കോന്നി |
| അമ്പലപ്പടി സൊസൈറ്റിപ്പടി റോഡ് കോൺക്രീറ്റിംഗ്(103/17) | വിനോദ് കുമാർ | 55 pkt. @400=22000 | 383/7-03-17 വിജയ് വെയർഹൗസ്, കൂടൽ |
| മാമൂട്ടിൽ പടി ചന്ദനപ്പള്ളി പടി റോഡ് കോൺക്രീറ്റിംഗ്(104/17) | റെയ്ച്ചൽ | 112 pkt. @400=44800 | 578/7-02-17 ചിത്തിര ഏജൻസീസ്,കോന്നി |
| ശില്പ്പശാലപ്പടി- പരുത്തിപ്പടി റോഡ് കോൺക്രീറ്റിംഗ്(107/17) | ജോൺ.കെ.പി | 74pkt. @400=29600 | 562/03-03-17 ചിത്തിര ഏജൻസീസ്,കോന്നി |
| മേശിരിമുരുപ്പ് കുടിവെള്ള പദ്ധതി വാട്ടർടാങ്ക് സൈറ്റ് | രാജേഷ്.എം.കെ | 21 pkt. @420=8800 | 975/16-02-17 റോബിൻ പെയിന്റ്സ് |

| | | | |
|---|---|---|---|
| കെട്ട്(81/17) | | | &ഹാർഡ് വെയേഴ്സ്, കോന്നി |

റോബിൻ പെയിന്റ്സ് &ഹാർഡ് വെയേഴ്സ്,കോന്നി, ചിത്തിര ഏജൻസീസ്,കോന്നി എന്നീ സ്ഥാപനങ്ങളുടെ ബില്ലിലെ സീരിയൽ നം.,തീയതി എന്നിവ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ടി ബില്ലുകളുടെ സാധുത സംബന്ധിച്ച് അന്വേഷണം ആവശ്യമാണ്.

വർക്ക് ബിൽ

ഏതാനും പ്രവൃത്തികളുടെ വർക്ക് ബില്ലിന്റെ ആഫീസ് കോപ്പിയിയിൽ മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് എന്നഭാഗം തയ്യാറാക്കി അസി. എഞ്ചിനിയർ സാക്ഷ്യപ്പെടുത്താതെയാണ് ഫൈനൽ ബിൽ തുക കൺവീനർമാർക്ക് നൽകിയിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ നടത്തിപ്പിലെ നടപടി ക്രമങ്ങളിലെയും സമിതി ചെലവഴിച്ച തുകയ്ക്ക് ആധാരമായി ഹാജരാക്കുന്ന ബിൽ/ മസ്റ്റർ റോളിലെ അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (17/18-07-17). ഫയലിംഗിലുണ്ടായ വീഴ്ച്ച മൂലമാണ് ടി അപാകതകൾ സംഭവിച്ചതെന്നും വരുവർഷങ്ങളിൽ ആവർത്തിക്കില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ മുഴുവൻ പ്രവൃത്തികൾ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തുന്നതിന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | അടങ്കൽ തുക, ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 450000 | മിൽക്ക് ഇൻസെന്റീവ് | 450000 | 0 |
| -ടി- | -ടി- | 300000 | 15-ാം വാർഡ് വീട് മെയിന്റനൻസ് | 125000 | 175000 |

## 4-2 ഡെപ്പോസിറ്റ് പ്രവത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഖണ്ഡിക 3-12 ൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| *വായ്പയുടെ പേര്/ ഉദ്ദേശ്യം* | *ഉത്തരവ് നമ്പർ/ തീയതി* | *വായ്പ തുക* | *വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക* | *തൻവർഷം തിരിച്ചടച്ച തുക* | | *വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക* |
|---|---|---|---|---|---|---|
| | | | | *മുതൽ* | *പലിശ* | |
| ഇ എം എസ് ഭവന പദ്ധതി | ജി ഒ (പി) നം.563/10 തീയതി 22/02/2010 | 17073000 | 3215640 | 100000 | - | 3115640 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | തൻവർഷം നിക്ഷേപിച്ച തുക | ആകെ | തന്നാണ്ടിൽ പിൻവലിച്ച തുക | വർഷാരംഭത്തിൽ അവശേഷിക്കുന്ന സ്ഥിര നിക്ഷേപം |
|---|---|---|---|---|
| ഇല്ല | | | | |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | എഫ്.ഡി നം. |
|---|---|---|
| ഇല്ല | | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2015-16 | 5 | 1625 | സെക്രട്ടറി, പ്രമാടം ഗ്രാമ പഞ്ചായത്ത് | 11601106856 / 13.03.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2013-14 | 5.3.5(10) | കുടുംബശ്രീ വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കാത്തത് സംബന്ധിച്ച് | പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രങ്ങൾ സ്ഥാപിച്ച് നൽകി |
| | 5.3.5(10)(2) | വായ്പയെടുത്ത കുടുബശ്രീ യൂണിറ്റുകൾ റവന്യൂ റിക്കവറി നേരിടുന്നത് സംബന്ധിച്ച് | വായ്പ തുക തിരികെ ഒടുക്കിയതായി ചാർജ്ജ് ഓഫീസർ അറിയിച്ചു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 75273926 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55405231 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9212993 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | | 5000 | ശ്രീ.എം സി രാധാകൃഷ്ണൻ നായർ,സെക്രട്ടറി |
| ആകെ | | 5000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| *ഖണ്ഡിക നം.* | *തുക* | *ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* |
|---|---|---|
| 3-3 | 6083519 | ശ്രീ.അരുൺ എസ്,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 48795 | ശ്രീ.അരുൺ എസ്,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | 143400 | ശ്രീമതി ജ്യോതി എസ്,അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 255000 | ശ്രീ.എം സി രാധാകൃഷ്ണൻ നായർ,സെക്രട്ടറി |
| 3-12 | 2682279 | ശ്രീ.എം സി രാധാകൃഷ്ണൻ നായർ,സെക്രട്ടറി |
| | 9212993 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക |
|---|---|
| 3-4 | 1964 (സംസ്ഥാന സർക്കാരിന്) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അരുൺ എസ് , അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ,എൽ എസ് ജി ഡി,പ്രമാടം | പൂർണ്ണിമ,വാരിൽ വീട്, കരക്കണ്ണി,വർക്കല |
| ശ്രീ.എം. സി. രാധാകൃഷ്ണൻ നായർ , സെക്രട്ടറി | സെക്രട്ടറി, പ്രമാടം ഗ്രാമപഞ്ചായത്ത് | കൃഷ്ണ കൃപ , മങ്ങാരം, കോന്നി പി ഒ |
| ശ്രീമതി ജ്യോതി എസ്, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, തിരുവേഗപ്പുറം ഗ്രാമപഞ്ചായത്ത്, പാലക്കാട് | ശ്രീ ലക്ഷ്മി , മങ്ങാരം,കോന്നി പി ഒ |

| | | |
|---|---|---|
| | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| *വർഷം* | *ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം* |
|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി2.207/08 തീയതി 8.4.99 |
| 1998-99(വരവ്) | എൽ.എഫ്.പി.റ്റി.എ-പി2.563/99 തീയതി 5.5.99 |
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി2.825/07 തീയതി 8.5.08/6.9.08 |
| 1999-00 (തനത്) | എൽ.എഫ്.പി.റ്റി.എ-പി2.595/07 തീയതി 7.11.01/19.3.02 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി2.826/07 തീയതി 8.5.08/6.9.08 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി4.84/06 തീയതി 8.8.06/6.2.07 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി4.234/04 തീയതി 16.12.04 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി8/749/08തീയതി 4.6.09 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി8/750/08തീയതി 8.6.10 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി7/537/11തീയതി 12.12.11 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി7/538/11തീയതി 12.12.11 |
| 2007-08, 2008-09 & 2009-10 | എൽ.എഫ്.പി.റ്റി.എ-പി7.861/11തീയതി 5.1.13 |
| 2010-11, 2011-12 & | എൽ.എഫ്.പി.റ്റി.എ-പി7.1054/13തീയതി 6.3.14/7.4.14 |

| | |
|---|---|
| 2012-13 | |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി7.776/15തീയതി 4.9.15 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ-പി7.679/16തീയതി 22.6.16 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി7/50/2017 തീയതി 6.2.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി9.954/2017 തീയതി 29.08.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## Annexure-1

## AUDIT CERTIFICATE

No.KSAPTA.P9.954/2017 Dated29.08.2017

Certified that I have Audited the Annual Financial Statement of Pramadom Grama Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pramadom Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

Pathanamthitta